# ജി എച്ച് എസ് എസ് ചാലപ്പുറം

## കുറ്റിച്ചിറ പി ഒ

# 23074

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 2026

# <u>ഉള്ളടക്കം</u>

* ആമുഖം
* അടിസ്ഥാനവിവരങ്ങൾ
* വിദ്യാലയ ചരിത്രം
* ലക്ഷ്യങ്ങൾ
* കാഴ്ചപ്പാട്
* പരിമിതികൾ
* ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ
* മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

<u>മാസ്റ്റർപ്ലാൻ വിഷയാടിസ്ഥാനത്തിൽ</u>

* മലയാളം
* ഇംഗ്ലീഷ്
* ഹിന്ദി
* ഗണിതം
* സാമൂഹ്യ ശാസ്ത്രം
* അടിസ്ഥാന ശാസ്ത്രം
* ഉപസംഹാരം

*=====================*

# ആമുഖം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നിയോജക മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ മലയോര ഗ്രാമമായ ചായ്പൻകുഴിയിൽ സ്ഥിതി ചെയ്യുന്ന ഏക സർക്കാർ ഹയർ സെക്കന്ററി സ്കൂൾ ആണ് ഇത്. 1975 ൽ സ്ഥാപിതമായ സ്കൂൾ ഈ വർഷം സുവർണ ജൂബിലി നിറവിലാണ്. വളരെ നല്ല രീതിയിൽ തന്നെ സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഉന്നത നിലവാരം പുലർത്തുന്ന സ്കൂളിൽ പ്രധാനാധ്യാപിക ഉൾപ്പെടെ 6 അധ്യാപകരും ഒരു കൗൺസിലിംഗ് വിദഗ്ധയും ഓഫീസ് പ്രവർത്തനങ്ങൾക്കായി നാല് ജീവനക്കാരും സേവനമനുഷ്ഠിച്ച് വരുന്നു.

കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സ്, പരിസ്ഥിതി ക്ലബ്, ലഹരിവിരുദ്ധ ക്ലബ് തുടങ്ങി വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നു വരുന്നു. സ്കൂളിന്റെ സമഗ്ര വികസനത്തിനായി പി ടി എ ,എം പി ടി എ , വികസന സമിതി , പൂർവവിദ്യാർഥി സംഘടന എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

************************

# സ്കൂൾ പ്രൊഫോർമ അക്കാദമിക വർഷം 2025-26

1 റവന്യൂ ജില്ല : തൃശ്ശൂർ

2 വിദ്യാലയത്തിന്റെ പേര് : ജി എച്ച് എസ് എസ് ചായ്പൻകുഴി

3 വിലാസം : കുറ്റിച്ചിറ പി ഒ , 680724

4 ഫോൺനമ്പർ : 0480 2741646

5 ഇമെയിൽ വിലാസം : ghsschaipankuzhi@yahoo.com

6 സ്കൂൾ കോഡ് : 23074

7 ആൺകുട്ടികൾ/പെൺകുട്ടികൾ/രണ്ടും കൂടി ഉള്ളത്

: രണ്ടും കുടി ഉള്ളത്

8 സർക്കാർ / എയ്ഡഡ് : സർക്കാർ

9 ക്ലാസ്സ് ( സ്റ്റാൻഡേർഡ് ) : VIII, IX, X

10 വിദാഭ്യാസ ജില്ല : ഇരിങ്ങാലക്കുട

11 വിദ്യാഭ്യാസ ഉപജില്ല :ചാലക്കുടി

12 സ്കൂൾ സ്ഥാപിച്ച വർഷം : 1975

13 റൂറൽ/ അർബൻ : റൂറൽ

14 ബ്ലോക്ക് : ചാലക്കുടി

15 പഞ്ചായത്ത് : ചാലക്കുടി

16 താലൂക്ക് : ചാലക്കുടി

# സ്കൂൾ ചരിത്രം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നിയോജക മണ്ഡലത്തിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ ചായ്പ്പൻകുഴി ഹയർസെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നു. 2025-26 അക്കാദമിക വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 114 കുട്ടികളും ഹയർ സെക്കന്ററി വിഭാഗത്തിൽ 277 കുട്ടികളും ഇവിടെ അധ്യയനം നടത്തുന്നു.

ഇ കെ നായനാർ മന്ത്രിസഭ ചായ്പ്പൻകുഴിക്ക് ഒരു രണ്ടേക്കർ സ്ഥലം പ്രദേശവാസികൾ സംഭാവന നൽകുന്നിടത്താണ് സ്കൂൾ കെട്ടിടം പണിയുക എന്ന് അഭിപ്രായപ്പെടുകയുണ്ടായി. പൊന്നമ്മത്തറ നാരായണൻ മാസ്റ്റർക്ക് കുറ്റിച്ചിറ കുന്നത്ത് ഒരേക്കർ സ്ഥലം ഉണ്ടായിരുന്നു. നാരായണൻ മാസ്റ്റർ നൽകിയ ആ സ്ഥലത്തിനോട് ചേർന്ന് പുളിങ്കര പള്ളിയുടെ രണ്ടേക്കർ സ്ഥലം ഉണ്ടായിരുന്നു. പുളിങ്കര ഇടവകാംഗം കുളങ്ങര വീട്ടുകാരോട് പള്ളി ഒരേക്കർ വിലക്ക് വാങ്ങിയപ്പോൾ അതിൽ ബാക്കിയുണ്ടായിരുന്ന സ്ഥലം പള്ളിക്ക് ദാനമായി നൽകി. ആ സ്ഥലത്തിൽ നിന്നും ഒരേക്കർ സ്കൂളിനു വേണ്ടി ദാനം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ചിലർ അക്കാലത്ത് പള്ളി വികാരിയായിരുന്ന ആന്റണി പുതുശ്ശേരി അച്ചനെ സമീപിച്ചു. പള്ളി കമ്മിറ്റി കൂടിയപ്പോൾ ഈ ആവശ്യം അവതരിപ്പിക്കുകയും കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തു. സ്കൂൾ സ്ഥലത്തിന്റെ ആധാരം പരിശോധിച്ചാൽ പള്ളി ദാനം ചെയ്ത രേഖകൾ ഒന്നും തന്നെ കണ്ടെത്താൻ ആകില്ല. കാരണം ആ സ്ഥലത്തിന്റെ പട്ടയം കുളങ്ങര വീട്ടുകാർ അവരുടെ പണിക്കാരനായിരുന്ന ചൂളക്ക അന്തോണിയുടെ പേരിലാണ്, ഒരേക്കർ പള്ളിക്കും ഒരേക്കർ ചായ്പ്പൻകുഴി ഹൈസ്കൂളിനും വേണ്ടി തീറ് കൊടുത്തിരിക്കുന്നത്.

അങ്ങനെ രണ്ടേക്കർ സ്ഥലം ലഭിക്കുകയും അവിടെ ഇന്ന് സുവർണ ജൂബിലി നിറവിൽ നിൽക്കുന്ന സ്കൂൾ വരുകയും ചെയ്തു. 1975 ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1978 ൽ ആദ്യത്തെ 10-ാം ക്ലാസ് ബാച്ച് പുറത്തിറങ്ങുകയും ചെയ്തു.

*****************

# ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മലയോര മേഖലയിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം മുഴുവൻ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

* അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക

* ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക

* അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരമാക്കാനും ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക

* ഹൈടെക് ക്ലാസ്സ് മുറികൾ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുക.

* മത്സര പരീക്ഷകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന തരത്തിൽ കുട്ടികളെ പ്രാപ്തരാക്കുക

=====================

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* വിദ്യാർത്ഥികളുടെ സമഗ്രവികസനം എന്ന കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാററിയെടുക്കുക

* പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക

* ശുചിത്വം, മാനുഷിക മൂല്യങ്ങൾ തുടങ്ങിയ മനോഭാവങ്ങൾ വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക

* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഉറപ്പുവരുത്തുക

* നൂതന സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തി കൊണ്ട് ലോകോത്തര നിലവാരത്തിലുള്ള പഠന രീതി ഉറപ്പുവരുത്തുക

* പാരിസ്ഥിതിക ബോധമുളവാക്കുന്ന പുതിയ തലമുറയെ വാർത്തെടുക്ക ുക

## പദ്ധതി രൂപീകരണ പ്രക്രിയ

* വികസന ആവശ്യങ്ങൾ ക്ലാസ്സ്, വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയ്യാറാക്കൽ

* കരടു രൂപരേഖ എസ് ആർ ജി, എസ് എം സി , പി ടി എ എം പി ടി എ തുടങ്ങിയവർ അടങ്ങുന്ന യോഗത്തിൽ അവതരിപ്പിക്കൽ

* നിർദ്ദേശങ്ങൾ കൂട്ടി ചേർക്കൽ

* സ്കൂൾ എക്സിക്യൂട്ടീവ് കമ്മിറ്റി നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

**********************

# പരിമിതികൾ

മലയോര മേഖലയിലെ ഏക സർക്കാർ ഹൈസ്കൂളായ ഞങ്ങളുടെ സ്കൂളിന് പരിമിതികൾ ഏറെയുണ്ട്.

* കായിക പരിശീലനത്തിന് പര്യാപ്തമായ ഗ്രൗണ്ടോ അധ്യാപകനോ ഇല്ല

* പത്ത് പന്ത്രണ്ടടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കുണ്ടും കുഴിയും നിറഞ്ഞ ഗ്രൗണ്ടിന് ചുറ്റുമതിലോ കമ്പിവേലിയോ ഇല്ല

* കാണികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടം ഇല്ല

* ഫുട്ബോൾ കോർട്ട് , വോളിബോൾ കോർട്ട് എന്നിവയില്ല

* ശാസ്ത്രവിഷയങ്ങൾക്ക് പ്രത്യേകം ലാബുകളില്ല

* ഗണിതശാസ്ത്ര ഉപകരണങ്ങളും ഉൽപ്പന്നങ്ങളും സൂക്ഷിച്ച വെയ്ക്കാൻ മാത്സ് ലാബ് ഇല്ല

## അക്കാദമിക നേട്ടം - ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ

പത്താം ക്ലാസ്സിൽ എ പ്ലസിന്റെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സീരീസ് ടെസ്റ്റുകളും നൈറ്റ് ക്ലാസ്സുകളും നടത്തി വരുന്നു. കുട്ടികളുടെ പഠനനിലവാരം അനുസരിച്ച് തരം തിരിച്ച് അവർക്ക് അധിക സമയ ക്ലാസ്സുകൾ നൽകുന്നു. എട്ടാം ക്ലാസ്സിൽ NMMS സ്കോളർപ്പിപ്പ് പരീക്ഷയ്ക്കു വേണ്ടിയുള്ള കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നു 2024-25 അധ്യയനവർഷത്തിൽ രണ്ട് കുട്ടികൾ സ്കോളർഷിപ്പിന് അർഹത നേടി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 8ാം ക്ലാസ്സിലെ കുട്ടികൾക്ക് ശ്രദ്ധ ക്ലാസ്സുകൾ നടത്തുന്നു

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- ഭാഷാ ശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനികവൽക്കരിക്കൽ
- പ്രതിഭ പോഷണ പരിപാടി
- പഠനയാത്രകൾ
- സെമിനാറുകൾ
- അധ്യാപക ശാക്തീകരണ പരിപാടി
- ക്ലാസ് പിടിഎ സജീവമാക്കൽ
- എസ് ആർ ജി ശാക്തീകരണം
- പ്രവൃത്തി പരിചയം
- ശാസ്ത്ര അഭിരുചി വളർത്തൽ പോഷകാഹാരപരിപാടി
- ഗണിത ലാബ്, ഗണിതാന്തരീക്ഷം ഒരുക്കൽ
- ഭാഷ ലാബ്
- ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ
- പച്ചക്കറിത്തോട്ടം
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- ആകാശവാണി

***************

## ഭൗതികം

- ചുറ്റുമതിൽ
- വിശ്രമമുറി
- മൾട്ടിമീഡിയ റൂം
- ലൈബ്രറി
- ഡൈനിങ് ഹാൾ
- അസംബ്ലി ഹാൾ
- മാലിന്യ സംസ്കരണം
- ലബോറട്ടറി
- വിശാലമായ ഭക്ഷണശാല
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- എസ്.എം.സി

# കാര്യക്ഷമമാക്കൽ

വിദ്യാലയ വികസന സമിതി
പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
എസ് എസ് ജി

പ്രാദേശിക പി. ടി.എ

ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ,സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ

വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ,
ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# GHSS CHAIPANKUZHI
## ACADEMIC MASTERPLAN ENGLISH
## 2025-2026

| OBJECTIVES | ACTIVITIES | DURATION | Teacher-in-charge |
|---|---|---|---|
| VOICE YOUR WAY<br><br>This aims to enable the students to communicate effectively and confidently in English.<br>It makes them express their thoughts, ideas and opinions with clarity & precision. | 1. Spoken English Class.<br>2. English Library<br>3. English story time<br>4. English Assembly<br>5. Role play competitions. | Academic year | English teacher. |

# ACADEMIC MASTER PLAN
# HINDI
# 2025-2026

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

### Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

### Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

മേഖല: ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാട്ടും മേട്ടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് യാത്രകൾ നടത്തുന്നു.<br>വഴക്കിളികൾ: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കുന്നു. | അക്കാദമിക് വർഷം മുഴുവനായി നടത്തുന്നു. നിശ്ചിത ഇടവേളകളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യബോധം, സാമൂഹ്യസേവനം ഉയർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ. |

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യം. സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്. |
| 4. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പ്രവൃത്തിപാതയിലൂടെ: ഭൂമിശാസ്ത്രപരമായ കഴിവുകൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന ക്ലാസ്സുകൾ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാകുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | |
|---|---|---|---|
| 5. കുട്ടികളിൽ ഉണ്ടായിരിക്കേണ്ട തൊഴിലിനെ ഉള്ള പൊതു വിജ്ഞാനം വളർത്തുക. | ഡൈമോടെക്സ്റ്റ് :- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ. നിരീക്ഷണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വിദഗ്ധരെ പ്രദർശനം, പ്രോജക്ട് വർക്ക് etc. സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 വ്യത്യസ്തമായ മണ്ണിനെ കുറിച്ചും ഭൂമികൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ഇതിനെ ലഭ്യമാകുന്ന ഭൂപടങ്ങളും, കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം പരമാവധി ആക്കുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ ശാസ്ത്രം

മേഖല : അക്കാദമികം

ഉപമേഖല : ബയോളജി.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മികച്ച ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | • പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ<br>• ഒഴിവുദിന വിനിമയം. | ജൂൺ ജൂലൈ | ശാസ്ത്ര അധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | • Science club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>• Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം.<br>• സഹവാസ ക്യാമ്പ് | ജൂൺ<br>[illegible] | അധ്യാപകർ, SRG Science club | SMC, PTA<br>Rs: 5000 |

| | | | | | |
|---|---|---|---|---|---|
| 6. | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തല്പരത ഉണർത്താനും | • ശാസ്ത്ര ദിനാചരണങ്ങൾ മികവ് കൂടിയതുള്ള ആസൂത്രണങ്ങളോടെ ചെയ്യുക.<br>• നിർമ്മാണം<br>• ശാസ്ത്ര പതിപ്പുകൾ, കൊളാഷ്<br>• ശാസ്ത്ര പഠനയാത്രകൾ, അക്വേറിയം, കാർഷിക സർവകലാശാല | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | SMC PTA |
| 7. | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | • ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖം<br>• വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ<br>• സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം | നവംബർ ഡിസംബർ | ശാസ്ത്രാധ്യാപകർ | SRG |
| 8. | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പഠനാവതരണത്തിനും ആശയ വിനിമയത്തിനായി ഉപയോഗിക്കൽ. | ക്ലാസ് പ്രവർത്തനം | ശാസ്ത്രാധ്യാപകർ | SITC, KITE, SCERT |

| | | | | | |
|---|---|---|---|---|---|
| 3 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ തിരിച്ചെടുക്കാൻ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ ക്യാമ്പസിൽ പഴം-പച്ചക്കറി തോട്ടം, ഔഷധത്തോട്ടം.<br>• ജൈവവൈവിധ്യ പാർക്ക്<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം രേഖപ്പെടുത്തൽ | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ, SMC, PTA |
| 4. | മാലിന്യമുക്ത-ആരോഗ്യ-ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | • പരിസര ശുചീകരണം, ശുചിത്വ ബോധവത്കരണം, കൊതുക്<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യ പരിശോധന<br>• ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്. | എല്ലാമാസങ്ങളിൽ | ശാസ്ത്രാധ്യാപകർ | ആരോഗ്യ വകുപ്പ് |
| 5. | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രാവബോധം | • സ്കൂൾ ശാസ്ത്ര മേള<br>• ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം.<br>• ശാസ്ത്ര ക്വിസ് | രണ്ടാം ടേം പ്രവർത്തനം | ശാസ്ത്രാധ്യാപകർ | SMC, PTA Rs: 2000 |

ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫണ്ട് |
| 2. പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി (Peer Group) 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | – |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4. ചോദ്യപേപ്പർ ശില്പശാല, സംഘടിപ്പിക്കൽ, സമയത്തിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA. |

| | | | | |
|---|---|---|---|---|
| 5. മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |
| ഉപമേഖല – ശാസ്ത്രം. | | | | |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്ര തത്വങ്ങൾ, ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കുറി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിൽ മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | 1000/- PTA |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് | – |
| | 3. ഗവേഷണാത്മക project ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം നിരീക്ഷണം. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് | P.T.A. |

| | | | | |
|---|---|---|---|---|
| 2. ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ്. | P.T.A. |
| 3. ശാസ്ത്രലാബ് നവീകരണം. ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി ബയോളജി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം ~~[illegible]~~ സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ്. | |

# <u>ഉപസംഹാരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ അക്കാദമിക മാസ്റ്റർപ്ലാൻ വരും വർഷം സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് ഉപകരിക്കും എന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു. ഇതിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും നന്ദി.....

*************